ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിലെ 1193 എം ഇ മണ്ഡല മഹോൽസവത്തോടനുബന്ധിച്ച് 2017 നവംബർ 16 മുതൽ 2018 ജനുവരി 20 കൂടി ചോറ്റാനിക്കര ക്ഷേത്രത്തിന്റെ വടക്കുവശത്തുള്ള പൂരപ്പറമ്പിലും, തെക്കുവശത്തുള്ള ഗ്രൗണ്ടുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ദർശനത്തിന് വരുന്ന ഭക്തന്മാരിൽ നിന്നും പാർക്കിംഗ് ഫീ പിരിയ്ക്കുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞ കാലയളവിലേയ്ക്ക് മാത്രം ലേലം/ടെണ്ടർ ചെയ്ത് നൽകുവാൻ തീരുമാനിച്ചിരിയ്ക്കുന്നു. ടി ലേലം 2017 ഒക്ടോബർ മാസം 30–ാം തിയതി 11 മണിയ്ക്ക് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്നതാണ്. മേൽ സ്ഥലങ്ങൾ പാർക്കിംഗ് ഫീ പിരിയ്ക്കുവാൻ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ഏറ്റെടുക്കുവാൻ തയ്യാറുള്ളവർ സംഖ്യയും, പൂർണ്ണ മേൽവിലാസവും രേഖപ്പെടുത്തിയ ടെണ്ടർ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ എന്ന പേരിൽ. 30-10-2017 ന് 10-30 മണി വരെ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ആഫീസിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ വഴിയോ ഹജരാക്കേണ്ടതാണ്.. ടെണ്ടറിനൊപ്പം 25,000/- ക. നിരതദ്രവ്യമായി ചോറ്റാനിക്കര വിജയ ബാങ്കിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിയ്ക്കുന്നതായിരിയ്ക്കും. ടെണ്ടർ സമർപ്പിച്ചവരും, ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിയ്ക്കുന്നവരും സ്ഥലത്തും, സമയത്തും ഹാജരാകേണ്ടതാണ്. ലേലത്തിനു മുമ്പായി 25,000/- ക. അഡ്വാൻസായി കെട്ടി വയ്ക്കേണ്ടതാണ്. ടി ഗ്രൗണ്ടുകൾ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിയ്ക്കുന്ന ആളുടെ പേരിൽ 3 വാക്ക് വിളിച്ചു നിർത്തി, ലേലത്തിനുശേഷം, ഹാജരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ ലഭിച്ച ടെണ്ടറുകൾ തുറക്കുന്നതായിരിയ്ക്കും. ലേലത്തുകയോ, ടെണ്ടർ തുകയോ ഏതാണ് കൂടുതൽ സംഖ്യ എന്ന് നോക്കി, കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ഉറപ്പിയ്ക്കുന്നതായിരിയ്ക്കും. ലേലം/ടെണ്ടർ ഉറപ്പിയ്ക്കുന്ന ആൾ ലേലത്തുകയുടെ 50% സംഖ്യ അപ്പോൾത്തന്നെ സത്രം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യ ഡിസംബർ 15–ാം തിയതിയ്ക്കകം അടച്ച് രശീതി വാങ്ങിയിരിയ്ക്കേണ്ടതാണ്. ലേലസംഖ്യയോടൊപ്പം നിയമാനുസൃതമായ നികുതി (ജി എസ് ടി ഉൾപ്പെടെ) കളും കരാറുകാരൻ ദേവസ്വത്തിലേയ്ക്ക് ഒടുക്കേണ്ടതാണ്. ലേലം/ടെണ്ടർ ഉറപ്പിയ്ക്കുന്ന വ്യക്തി തന്റെ സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും ദേവസ്വം മരാമത്ത്